# കൈരളി സമാജം
## ഹൊസൂർ
## KAIRALI SAMAJAM ®
## HOSUR

www.kairalisamajamhosur.org

അവതരിപ്പിക്കുന്ന

# കൈരളീയം 2026



**On Sunday,**
**11th October 2026**
**07:00 am Onwards**

**Hotel Hills**
**Mookandapalli**
**Hosur**

**പ്രവേശനം പാസ് മൂലം നിയന്ത്രിക്കുന്നതാണ്**

## പ്രിയപ്പെട്ട കൈരളി സമാജം കുടുംബാംഗങ്ങളെ,

മറുനാട്ടിൽ താമസിക്കുന്ന മലയാളികളുടെയെല്ലാം മനസുകളിൽ മായാത്ത ഓർമ്മകളിൽ ഒന്നാണ് ഓണം. വർണ്ണാഭമായ പൂക്കളവും, ഓണക്കോടിയും, ഓണപ്പാട്ടിന്റെ ഈണവും, വിഭവ സമൃദ്ധമായ സദ്യയുടെ രുചിയും ഗന്ധവും മനസിലേക്ക് വരുമ്പോഴേ മലയാളികളുടെ മനസ്സിൽ ഓണം പൊട്ടി വിടരുകയായി...

"മാനുഷരെല്ലാരും ഒരുപോലെ വാണിരുന്ന" മാവേലി ത്തമ്പുരാന്റെ ആ നല്ല കാലത്തിന്റെ ഓർമ്മകൾ പുതുക്കി, സ്നേഹവും സാഹോദര്യവും സമത്വവും പങ്കുവെച്ച് ഒരു ഓണം കൂടി നമ്മെ തേടിയെത്തുമ്പോൾ, ഹൊസൂരിന്റെ മണ്ണിൽ കഴിയുന്ന മലയാളികളും ആ മഹത്തായ ആഘോഷത്തിന്റെ ഭാഗമാവുകയാണ്.

ഓണം എന്നത് കേവലമൊരു ആഘോഷം മാത്രമല്ല; അത് നമ്മുടെ നാടിനേയും, അതിന്റെ ചരിത്രത്തേയും, സംസ്കാരത്തെയും അറിയുന്നതിനും അറിയിക്കുന്നതിനും, ഹൃദയത്തിൽ വീണ്ടും വീണ്ടും ഉണർത്തുന്നൊരു വികാരവുമാണ്.

ഈ സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും പാരമ്പര്യത്തിന്റേയും നിറവിൽ, കൈരളി സമാജം, ഹൊസൂർ ഒരുക്കുന്ന ഈ വർഷത്തെ ഓണാഘോഷം **"കൈരളീയം-2026"** ലേക്ക് എല്ലാ കുടുംബാംഗങ്ങളെയും ഹൃദയം നിറഞ്ഞ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

നമുക്ക് ഒരുമിച്ചുകൂടാം. പുതുതലമുറയ്ക്ക് കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പരിചയപ്പെടുത്തിക്കൊണ്ട്, മുതിർന്നവർക്ക് പഴയ ഓണക്കാലത്തിന്റെ മധുരിക്കുന്ന ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് നമുക്ക് ഈ ഓണം ആഘോഷമാക്കാം.





# ഓണപ്പുലരിക്ക് തുടക്കം

## പൂക്കള മത്സരം

കാലത്ത് 7 മണിക്ക് പൂക്കള മത്സരത്തോടെ **കൈരളീയം – 2026** ന് തുടക്കമാകും.
നിറങ്ങളും, രൂപങ്ങളും, ഭാവനയും ഒത്തുചേർന്ന് പൂക്കൾകൊണ്ട് തീർക്കുന്ന ഈ വർണ്ണ വിസ്മയം വെറുമൊരു മത്സരം മാത്രമല്ല പ്രകൃതി സ്നേഹത്തിന്റേയും, ഗതകാലസ്മരണകളുടേയും ആഘോഷത്തിന്റെയുമെല്ലാം മധുരമുള്ള ഓർമ്മകൾ കൂടെയാണ് .



## കലയുടെ നിറവിൽ കൈരളി കുടുംബം



9 മണി മുതൽ കൈരളി സമാജം കുടുംബാംഗങ്ങളിലെ കുട്ടികളും മുതിർന്നവരും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ അരങ്ങേറും.
നമ്മുടെ വീടുകളിൽ ഒളിഞ്ഞിരിക്കുന്ന കലാപ്രതിഭകൾക്ക് അവരുടെ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുക എന്നത് കൈരളി സമാജത്തിന്റെ അഭിമാനകരമായ ദൗത്യമാണ്. കുഞ്ഞുങ്ങളുടെ നിഷ്കളങ്കമായ കലാവിരുന്നും മുതിർന്നവരുടെ അനുഭവസമ്പന്നമായ അവതരണങ്ങളും ചേർന്നൊരുക്കുന്ന ഈ വേദി കുടുംബാംഗങ്ങളുടെ കൂട്ടായ്മയുടെ മനോഹരമായ അടയാളമായി മാറുന്നു.

## കേരളത്തിന്റെ തനതായ രുചിയിൽ
## 11.00 മുതൽ
## ഓണസദ്യ

കേരളത്തിന്റെ തനിമയും പാരമ്പര്യവും രുചിയുമെല്ലാം ഒരുമിക്കുന്ന വിഭവസമൃദ്ധമായ ഓണസദ്യ.
വാഴയിലയിൽ വിളമ്പുന്ന ഓരോ വിഭവത്തിനും പിന്നിൽ മലയാളിയുടെ രുചിയുടേയും സംസ്കാരത്തിന്റേയും ഒരു കഥയുണ്ട്. പായസത്തിന്റെ മധുരത്തിലും, കറികളുടെ മണത്തിലും, കൂട്ടായിരുന്ന് സദ്യ കഴിക്കുന്നതിന്റെ സന്തോഷത്തിലും നമ്മുടെ നാട്ടിൻപുറത്തെ ഓണക്കാലം വീണ്ടും തിരിച്ചെത്തും

ഒരുമിച്ചിരുന്ന് ഭക്ഷണം പങ്കിടുമ്പോൾ ബന്ധങ്ങൾ കൂടുതൽ ദൃഢമാകുന്നു; അതാണ് ഓണത്തിന്റെ ഏറ്റവും വലിയ സന്ദേശങ്ങളിലൊന്ന്.



നമ്മുടെ കുടുംബാംഗങ്ങളുടെ കലാപ്രകടനങ്ങൾക്കൊപ്പം, സംഗീതവും നൃത്തവും വിവിധ കലാരൂപങ്ങളും ചേർന്ന് ആഘോഷത്തിന് കൂടുതൽ നിറവും ചൈതന്യവും പകരും.

## സാംസ്കാരിക സമ്മേളനം

ഉച്ചയ്ക്ക് 02:30 മണിക്ക് സാംസ്കാരിക സമ്മേളനം ആരംഭിക്കും.



മുഖ്യാതിഥി

### ആലങ്കോട് ലീലാ കൃഷ്ണൻ

**മലയാളത്തിലെ ശ്രദ്ധേയനായ കവിയും എഴുത്തുകാരനും പ്രഭാഷകനുമാണ്. കവിതയിലും സാംസ്കാരിക നിരീക്ഷണങ്ങളിലും തനതായ ഭാഷാശൈലിയും ചിന്തയും കൊണ്ട് അദ്ദേഹം ശ്രദ്ധേയനായി.**

**കൂടാതെ രാഷ്ട്രീയ, സാംസ്കാരിക മേഖലയിലെ പ്രമുഖരും പങ്കെടുക്കുന്നു.**

കൈരളീ സമാജത്തിന്റെ ചരിത്രവും, മലയാളിയുടെ സംസ്കാരവും പാരമ്പര്യവും കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും, പ്രവാസഭൂമികയിൽ മലയാളി സമൂഹത്തിന്റെ കൂട്ടായ്മയുടെ പ്രസക്തിയും ഓർമ്മിപ്പിക്കുന്ന സാംസ്കാരിക സമ്മേളനം ഈ ആഘോഷത്തിന്റെ മറ്റൊരു പ്രധാന ആകർഷണമായിരിക്കും.

## തിരുവാതിരയും ഒപ്പനയും



സാംസ്കാരിക സമ്മേളനത്തിന് ശേഷം കൈരളി സമാജം **ലേഡീസ് വിങ്** അവതരിപ്പിക്കുന്ന കേരളത്തിന്റെ തനതായ കലാരൂപങ്ങളായ തിരുവാതിരയും ഒപ്പനയും അരങ്ങേറുന്നു.

കേരളീയ സ്ത്രീത്വത്തിന്റെ സൗന്ദര്യവും താളവും ചുവടുകളും പാരമ്പര്യവും ഒരുമിക്കുന്ന തിരുവാതിരയും, ആഘോഷത്തിന്റെ ഉത്സാഹവും കൂട്ടായ്മയും നിറയ്ക്കുന്ന ഒപ്പനയും വേദിക്ക് വേറിട്ടൊരു ഭംഗി പകരും.





# സംഗീത സന്ധ്യ

“പാട്ടിന് പുത്തൻ പാലാഴിയൊഴുക്കുന്ന ഗാനവിരുന്ന്” സംഗീതപ്രേമികൾക്കായി മറക്കാനാവാത്ത സംഗീത സന്ധ്യ. **കൈരളി രാഗമാലികയും** കേരളത്തിൽ നിന്നെത്തുന്ന പ്രശസ്ത കലാകാരന്മാരും കലാകാരികളും ചേർന്നൊരുക്കുന്ന “**സംഗീത സന്ധ്യ**” കൈരളീയം–2026 ന്റെ മുഖ്യ ആകർഷണമാകും.



## നേതൃത്വം: പല്ലവി രതീഷ്

ഇന്ത്യയിലും വിദേശത്തുമായി നിരവധി വേദികളിൽ സംഗീതപ്രതിഭ തെളിയിച്ച പല്ലവി രതീഷ്, 2023-ലെ ഏഷ്യാനെറ്റ് സ്റ്റാർ സിംഗർ ജൂനിയർ വിഭാഗത്തിലെ വിജയിയാണ്. സംഗീതത്തിലും നൃത്തത്തിലും കഴിവ് തെളിയിക്കുന്ന യുവഗായിക നിരവധി ഭക്തിഗാനങ്ങളും ആൽബങ്ങളും അവതരിപ്പിച്ചിട്ടുണ്ട്.



## രതീഷ് പല്ലവി

സിനിമാ പിന്നണി ഗായകൻ, സംഗീത സംവിധായകൻ, സംഗീത അധ്യാപകൻ എന്നീ നിലകളിൽ സജീവമായ കലാകാരൻ. ഇന്ത്യയിലും വിദേശത്തുമായി നിരവധി സംഗീത പരിപാടികൾ അവതരിപ്പിച്ചിട്ടുള്ള അദ്ദേഹത്തിന്റെ സാന്നിധ്യം സംഗീതസന്ധ്യയ്ക്ക് കൂടുതൽ മികവ് പകരും.



## അവനി എസ്. എസ്.

ആൽബങ്ങളിലൂടെയും സ്റ്റേജ് ഷോകളിലൂടെയും ഗാനരംഗത്ത് സജീവമായ അവനി എസ്. എസ്., സുരാജ് വെഞ്ഞാറമൂട്, എം. ജി. ശ്രീകുമാർ തുടങ്ങിയ പ്രമുഖർക്കൊപ്പം നിരവധി വേദികൾ പങ്കിട്ടിട്ടുണ്ട്.

ZEE കേരളം – Sa Re Ga Ma Pa Keralam Little Champs സംഗീത റിയാലിറ്റി ഷോയിലെ First Runner-up കൂടിയാണ് അവനി.




# സംഗീതത്തിന്റെ വേറിട്ടൊരു ജാലകം തുറന്ന്... ഫ്യൂഷൻ സംഗീതം



കോഴിക്കോട് അൾട്രാ പെർഫെക്ഷൻസ് അവതരിപ്പിക്കുന്ന താള മേള വിസ്മയ തരംഗം

സംഗീതത്തിന്റെ വിവിധ ശാഖകളെ സമന്വയിപ്പിച്ചുകൊണ്ട് ഒരുക്കുന്ന ഫ്യൂഷൻ സംഗീതം മറ്റൊരു വേറിട്ട അനുഭവമായിരിക്കും.

# കളിയും കായികവും

ഓണാഘോഷത്തിന്റെ ഭാഗമായി സ്പോർട്സ് & ഗെയിംസ് മത്സരങ്ങളും സംഘടിപ്പിക്കുന്നു.



തീയതി: 27. 09. 2026
ദിവസം: ഞായറാഴ്ച
ഉത്ഘാടനം : **പി. ബാല കൃഷ്ണ റെഡ്ഡി - MLA**
സമയം: രാവിലെ 9 മണി മുതൽ
സ്ഥലം: ആദിയമ്മൻ കോളേജ് ഗ്രൗണ്ട്

കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആവേശം പകരുന്ന വിവിധ കായിക-ഗെയിംസ് മത്സരങ്ങളിലൂടെ സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും മറ്റൊരു വേദി കൂടി ഒരുക്കുകയാണ് കൈരളി സമാജം.

കൂടുതൽ വിവരങ്ങൾക്ക്:
മനോജ് കുമാർ
സ്പോർട്സ് കമ്മിറ്റി കൺവീനർ
ഫോൺ: 9944070249

ബാബുരാജ് ടി.
കോ-കൺവീനർ:
ഫോൺ: 9345915135



---

**പൂക്കള മത്സരം / കലാപരിപാടികൾ: Enquiry & Registration**

Baburaj T 93459 15135
Adv. Athira Sunilkumar 93603 03585

---

ഏവരുടെയും സഹായ സഹകരണങ്ങളോടും സ്നേഹപൂർവമായ സാന്നിധ്യത്തോടും കൂടി തയ്യാറാക്കുന്ന “**കൈരളീയം – 2026**” ലേക്ക് കൈരളി സമാജത്തിന്റെ എല്ലാ കുടുംബാംഗങ്ങളെയും ഹൃദയത്തിന്റെ ഭാഷയിൽ സ്നേഹപൂർവം ക്ഷണിക്കുന്നു.

## ഓണാശംസകളോടെ...

ഓണാഘോഷ കമ്മിറ്റിക്ക് വേണ്ടി

**എ. രവീന്ദ്രൻ**
ചെയർമാൻ
94433 58772

**ബി. ഗിരീഷ് കുമാർ**
കോ-ചെയർമാൻ
94433 44784

---

## വൈസ് ചെയർമാന്മാർ

**നാരായണൻ കുട്ടി എം. വി.**
94808 12444

**പി. ആർ. സുരേഷ്**
94427 78329

**പസലുദീൻ പി.**
94433 20630

**എ. നാരായണൻ**
96552 18775

---

# കൈരളി സമാജത്തിന് വേണ്ടി

**സി. ഗണേശൻ**
പ്രസിഡന്റ്
94432 44911

**മാത്യു തോമസ്**
ജനറൽ സെക്രട്ടറി
94433 44150

**ടി.വി.സന്തോഷ് കുമാർ**
ട്രഷറർ
95854 37771